നമ്പർ. 23423/ഭരണ II(2)/2019/നിയമം

നിയമ (ഭരണ II) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3684 11.11.2019- ൽ മറുപടിക്ക്**

## ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ പി.എസ്.സി. നിയമനം

**ചോദ്യം** **മറുപടി**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** **മുഖ്യമന്ത്രി**

| | | |
|---|---|---|
| എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച എ.വി. സി.-വി(2)/45/2019/ഉ.ഭ.പ.വ നമ്പർ റിപ്പോർട്ടിൽ,നികത്തപ്പെടാതെ കണ്ടെത്തിയ 26 ലീഗൽ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | റാങ്ക് ഹോൾഡേഴ്സിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധന ഇതുവരെയും പൂർത്തിയായിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | ബാധകമല്ല. |
| സി) | പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച ഫയലിൽ നിയമ മന്ത്രി അനുകൂലമായി ശുപാർശ നൽകിയിട്ടുണ്ടോ; | ബാധകമല്ല |
| ഡി) | ഡി.ജി.പി. ഓഫീസിൽ നിലവിലുള്ള എസ്3(എ)/167180/2017/ നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ഈ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | SI/229156/2016/PHQ നമ്പർ പ്രകാരമുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം എ 5/445/2019/ആഭ്യന്തരം നമ്പർ ഫയൽ ആയി നടപടി സ്വീകരിക്കുകയും ആയതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി പ്രസ്തുത വകുപ്പിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| ഇ) | കഴിഞ്ഞ ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേർക്കും നിയമനം ലഭിച്ചപ്പോൾ, ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയുവാൻ മാസങ്ങൾ മാത്രം നിലനിൽക്കേ 5% പോലും നിയമനം നടത്തുവാൻ കഴിയാത്തസാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ലീഗൽ അസിസ്റ്റന്റിന്റെ നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | നാളിതുവരെ 59 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഉടൻതന്നെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ